**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.31

23.06.2009ൽ മറുപടിക്ക്

## <u>കേന്ദ്ര പദ്ധതി വിഹിതമായി ലഭിച്ച തുക</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ** | **ഡോ.ടി.എം.തോമസ് ഐസക്** |
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ധനകാര്യ വകുപ്പുമന്ത്രി** |

| | |
|---|---|
| എ) 2008-09 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രവിഹിതമായി എത്ര കോടിരൂപയാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | 2008-09-ലെ 7700 കോടി രൂപയുടെ സംസ്ഥാന വാർഷിക പദ്ധതിക്ക് 3194 കോടിരൂപയാണ് കേന്ദ്രവിഹിതമായി അനുവദിച്ചിരുന്നത്. |
| ബി) മാർച്ച് 31 വരെ ഈയിനത്തിൽ എന്തു തുക ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | താൽക്കാലിക കണക്ക് അനുസരിച്ച് 2008-09ലെ പദ്ധതിച്ചെലവ് 6215 കോടി രൂപയായിരുന്നു. ഇത് പദ്ധതി അടങ്കലിന്റെ 81 ശതമാനം വരും. |
| സി) ഈയിനത്തിൽ കേന്ദ്രം അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ? | പ്രോജക്ട് അടിസ്ഥാനത്തിലുള്ള വായ്പാ പദ്ധതികളുടെ ചെലവ് വേണ്ടവിധം നടക്കാത്തതാണ് മൊത്തം പദ്ധതിച്ചെലവിലെ കുറവിന് കാരണം. എങ്കിലും കഴിഞ്ഞ വർഷത്തേക്കാൾ ഇക്കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ആപ്പീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 32

23.6.2009-ൽ മറുപടിയ്ക്ക്

## ബി.പി.എൽ. കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്:<br>ശ്രീ.എൻ. രാജൻ:<br>ശ്രീമതി.ഇ.എസ്. ബിജി മോൾ:<br>ശ്രീ.വി.എസ്. സുനിൽ കുമാർ:<br>ശ്രീ.കെ. അജിത്: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ). സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ടോ; | എ. ഉണ്ട്. |
| ബി. എങ്കിൽ ഈ സർവ്വേ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | ബി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായുള്ള സർവ്വേയുടെ എന്യൂമറേഷൻ ജോലികൾ പുരോഗമിക്കുകയാണ്. ജൂൺമാസാവസാനത്തോടെ എന്യൂമറേഷൻ ജോലികൾ പൂർത്തീകരിയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി. പ്രസ്തുത സർവ്വേക്കുവേണ്ടി എത്ര അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട് എന്നും ഇതിനായി അദ്ധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ ? | സി. സർവ്വേയുടെ ഭാഗമായുള്ള എന്യൂമറേഷൻ ജോലികൾക്ക് 45,350 അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>എന്യൂമറേഷൻ ജോലികൾക്കായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ഗൃഹസന്ദർശനം നടത്തി സർവ്വേയ്ക്കായുള്ള ' എ ' ഫോറം പൂരിപ്പിയ്ക്കുന്നതിന് 1 രൂപയും ' ബി ' ഫോറം പൂരിപ്പിയ്ക്കുന്നതിന് 3 രൂപയും നൽകുന്നതാണ്. കൂടാതെ വെക്കേഷൻ കാലയളവിൽ എന്യൂമറേഷൻ ജോലി ചെയ്ത അദ്ധ്യാപകർക്ക് ഏൺഡ് ലീവ് അനുവദിയ്ക്കുന്നതിനും സ്കൂൾ തുറന്ന ശേഷം അവധി ദിവസങ്ങളിൽ എന്യൂമറേഷൻ ജോലി ചെയ്ത അദ്ധ്യാപകർക്ക് ഈ ദിവസങ്ങൾക്ക് പകരമായി ഡ്യൂട്ടി ഓഫ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 33     23.06.2009 ൽ മറുപടിയ്ക്ക്**

### ഗുണ്ടാനിയന്ത്രണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. യൂസഫ്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ. വി.എൻ. വാസവൻ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| (എ) സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം നിലവിൽ വന്നതിനു ശേഷം പ്രസ്തുത നിയമം അനുസരിച്ച് ഗുണ്ടാ-മാഫിയ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007 നിലവിൽ വന്നതിനുശേഷം സ്ഥിരമായി ഗുണ്ടാ-മാഫിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ ടി നിയമത്തിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന അറിയപ്പെടുന്ന ഗുണ്ട അല്ലെങ്കിൽ അറിയപ്പെടുന്ന റൗഡി എന്ന് തരംതിരിച്ച് ഇവർക്കെതിരെ ടി നിയമത്തിന്റെ 3, 15 വകുപ്പുകൾ പ്രകാരമുള്ള ഉത്തരവുകളും, 17-ാം വകുപ്പ് പ്രകാരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനുമുള്ള ഉത്തരവുകളും ബന്ധപ്പെട്ട ഓരോ കേസ്സിലും പുറപ്പെടുവിയ്ക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഗുണ്ടാ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) ഉണ്ട്. നിയമത്തിലെ 3(2) വകുപ്പുപ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 15.04.2009 - ലെ 753-ാം നമ്പർ അസാധാരണ കേരള ഗസറ്റിൽ ഉത്തരവ് നം 17329/എസ്.എസ്.എ.5/ 2009/ആഭ്യന്തരം തീയതി 07.04.2009 പ്രകാരം എല്ലാ ജില്ലാ മജിസ്ട്രേട്ടുമാർക്കും സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിലേർപ്പെടുന്നവരെ ടി നിയമത്തിന്റെ 3(1) വകുപ്പ് പ്രകാരം ആവശ്യമെങ്കിൽ കരുതൽ തടങ്കലിലാക്കുന്നതിനുള്ള അധികാരം 21.04.2009 മുതൽ ഒരു വർഷത്തേയ്ക്ക് നല്കിയിട്ടുണ്ട്. 02.01.2009 - ലെ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ ഡി3/76467/2008 നമ്പർ ഉത്തരവ് പ്രകാരം (അനുബന്ധം - 2) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇൻറലിജൻസ്) നെ ടി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതി |

നായി നോഡൽ ഓഫീസറായി നിയമച്ചിട്ടുണ്ട്. കൂടാതെ ഡി.ജി.പി. യുടെ 04.06.2009 - ലെ 24/2009 നമ്പർ സർക്കുലർ (അനുബന്ധം 3), 02.06.2009 - ലെ റ്റി3/42609/2009 COB നമ്പർ സന്ദേശം (അനുബന്ധം-4) എന്നിവ പ്രകാരം ടി നിയമം കുറ്റമറ്റ രീതിയിൽ നിയമാനുസൃതം നടപ്പിലാക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ പോലീസുദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്.

(സി) പ്രസ്തുത നിയമം അനുസരിച്ച് ഇതിനകം എത്ര ഗുണ്ടകളെ കസ്റ്റഡിയിലാക്കിയിട്ടുണ്ട്;

(സി) ഈ നിയമം വന്നതിനുശേഷം ഇതുവരെ 294 പേരെ കസ്റ്റഡിയിലെടുത്ത് തടങ്കലിലാക്കിയിട്ടുണ്ട്.

(ഡി) ഗുണ്ടാ നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഉണ്ട്. ടി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ ഡി. ജി. പി. യുടെ 04.06.2009 - ലെ 24/2009 നമ്പർ സർക്കുലർ (അനുബന്ധം-3) പ്രകാരം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്. ടി സർക്കുലർ പ്രകാരം സാമൂഹ്യ വിരുദ്ധരേയും, ഗുണ്ടകളേയും നിരീക്ഷിക്കുന്നതും അമർച്ച ചെയ്യുന്നതും സ്റ്റേഷൻ ഹൗസ് ഓഫീസർ, സർക്കിൾ ഇൻസ്പെക്ടർ, സബ്ഡിവിഷണൽ പോലീസ് ഓഫീസർ എന്നീ പോലീസുദ്യോഗസ്ഥരുടെ ദിവസേനയുള്ള ചുമതലയുടേയും ഉത്തരവാദിത്തത്തിന്റേയും ഭാഗമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഗുണ്ടകളുടെ 2003 മുതലുള്ള പൂർവ്വകാല ക്രിമിനൽ പശ്ചാത്തലം ആധാരമാക്കിയുള്ള പട്ടിക തയ്യാറാക്കുന്നതിനും താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും ടി സർക്കുലർ പ്രകാരം നല്കിയിട്ടുണ്ട്.

1) Register of Antisocials supplemented by individual History Sheets similar to those maintained under SCH (Station Crime History) Part V.
2) Register of Active Antisocials against whom Sec.3 of the Act has been invoked.
3) Register of Active Antisocials against whom action u/s 15 has been initiated (in two parts - "A" for those of the station and part "B" for those of other Stations)
4) Register for action taken u/s 17.

(ഇ) പുതുതായി ഗുണ്ടാപ്രവർത്തനം ആരംഭിച്ചവരെ കൂടി ഉൾപ്പെടുത്തി ഗുണ്ടാ ലിസ്റ്റ് പുതുക്കുന്നതിനും ഗുണ്ടകൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

(ഇ) ടി നിയമപ്രകാരം, തടങ്കലുത്തരവ് ഇറക്കുവാനുദ്ദേശിക്കുന്ന തീയതിക്കുമുമ്പുള്ള ഏഴ് വർഷക്കാലയളവിൽ ടി നിയമത്തിന്റെ 2(ഒ) അല്ലെങ്കിൽ 2 (പി) വകുപ്പിൽ വിശദീകരിച്ചിരിക്കുന്ന പ്രകാരത്തിലുള്ള അറിയപ്പെടുന്ന ഗുണ്ട അല്ലെങ്കിൽ അറിയപ്പെടുന്ന റൗഡി എന്നിവർക്കെതിരെയാണ് ടി നിയമത്തിന്റെ 3 അല്ലെങ്കിൽ 15 -ാം വകുപ്പ് പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത്. പുതുതായി ഗുണ്ടാ പ്രവർത്തനം ആരംഭിച്ചവരെ നിരീക്ഷിക്കുകയും ടിയാന്മാരുടെ ക്രിമിനൽ പശ്ചാത്തലം ടി നിയമത്തിന്റെ 2 (ഒ), 2 (പി), വകുപ്പുകളിൽ നിഷ്കർച്ചിരിക്കുന്ന മാനദണ്ഡങ്ങളെ തൃപ്തിപ്പെടുത്തുന്ന മുറയ്ക്ക് ടി നിയമത്തിലെ 3 അല്ലെങ്കിൽ 15 -ാം വകുപ്പു പ്രകാരം നടപടി എടുക്കുവാനുള്ള നിർദ്ദേശങ്ങൾ ഡി. ജി. പി. യുടെ 04.06.2009 - ലെ 24/2009 നമ്പർ സർക്കുലർ (അനുബന്ധം-3) പ്രകാരം ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 34

23.06.2009- ൽ മറുപടിക്ക്.

## ജനമൈത്രി സുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എ. കെ. ചന്ദ്രൻ<br>ശ്രീ. ബാബുപോൾ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| (എ) ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | : (എ) ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ നൂതനമായ ജനമൈത്രി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിവിധതലങ്ങളിൽ വിലയിരുത്തിവരുന്നുണ്ട്. |
| (ബി) സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷൻ പരിധികളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; ഈ പദ്ധതി മുഖേന ക്രമസമാധാന പാലന രംഗത്ത് ജനങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ പോലീസിൽ നിന്നും ലഭിച്ചു ; | : (ബി) ആദ്യഘട്ടമെന്ന നിലയിൽ 2008-09-ൽ ഈ പദ്ധതി വിവിധ ജില്ലകളിലെ 20 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ക്രമസമാധാനപാലന രംഗത്ത് ജനമൈത്രി പദ്ധതി നടപ്പിലാക്കിയതുമൂലം പ്രകടമായ മാറ്റങ്ങൾ ദർശിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയ സ്റ്റേഷനുകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിലൂടെ സാമൂഹ്യവിരുദ്ധ ശല്യം, വ്യാജ വാറ്റ് തുടങ്ങിയ വിപത്തുകൾ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. |

(മറുപുറം)

ജനങ്ങൾ തമ്മിലുള്ള സഹകരണം സ്ഥാപിക്കുന്നതിലൂടെ സാമുദായിക സംഘർഷങ്ങൾ ഒഴിവാക്കാൻ കഴിയുന്നുണ്ട്.

| | |
|---|---|
| (സി) ഈ പദ്ധതി വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | : (സി) ഒന്നാംഘട്ട ജനമൈത്രി സുരക്ഷാ പദ്ധതി വിജയമാണെന്നുള്ള വിലയിരുത്തലിൽ ടി പദ്ധതി നടപ്പുവർഷം (2009-10) 21 പോലീസ് സ്റ്റേഷൻ പരിധികളിൽകൂടി നടപ്പിലാക്കാൻ ജി.ഒ.(ആർ.ടി) നമ്പർ:1452/2009/ഹോം തീയതി 20.05.2009 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 35

23.6.2009-ൽ മറുപടിയ്ക്ക്

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീമതി. പി.അയിഷാ പോറ്റി:<br>ശ്രീ.ആർ. സെൽവരാജ്:<br>ശ്രീ.പി.ടി.എ. റഹീം:<br>പ്രൊഫ. സി.രവീന്ദ്രനാഥ്: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ). തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ; | എ). തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ കൊടുത്തിരിയ്ക്കുന്നു.<br><br>(i) പദ്ധതി-പദ്ധതിയേതിര പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം എല്ലാ മാസവും ആറാമത് പ്രവൃത്തി ദിവസം ഉച്ചയ്ക്ക് ശേഷം പ്രസിഡണ്ടിന്റെ/ ചെയർമാന്റെ/മേയറുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>(ii) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബ്ലോക്ക് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരുടെയും സെക്രട്ടറിമാരുടെയും പ്രതിമാസ യോഗം, ഗ്രാമപഞ്ചായത്ത് തലത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗത്തിന് ശേഷം ഒരു നിശ്ചിത ദിവസം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേരേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(iii) ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിലും മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിലും എല്ലാ മാസവും മൂന്നാമത്തെ തിങ്കളാഴ്ച ജില്ലാ അവലോകന യോഗം ചേരേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

(iv) പ്രതിമാസ റിപ്പോർട്ടിങ്ങ്, വെബ് അധിഷ്ഠിതമായ സോഫ്റ്റ്‌വെയറിൽ നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(v) വിവിധ വികസന മേഖലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രോജക്റ്റുകളുടെയും കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പരിപാടികളുടെയും നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട വകുപ്പുകൾ അവലോകനം ചെയ്യേണ്ടതാണെന്നും ജില്ലാ ആസൂത്രണ സമിതി ജില്ലാ തലത്തിൽ മൂന്നാമത് തിങ്കളാഴ്ച പൊതു അവലോകന യോഗം ചേരുന്നതിന് മുൻപായി ജില്ലാതല ഉദ്യോഗസ്ഥർ തങ്ങളുടെ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥരെ ജില്ലാതലത്തിൽ വിളിച്ചുചേർത്ത് പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പുമേധാവികൾ എല്ലാമാസവും ജില്ലാ തല ഉദ്യോഗസ്ഥരുടെ യോഗം സംസ്ഥാനതലത്തിൽ വിളിച്ചുചേർത്ത് അവലോകനം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(vi) പദ്ധതി പ്രവർത്തന പുരോഗതി സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിൽ ചർച്ച ചെയ്യുകയും വിലയിരുത്തകയും ചെയ്യുന്നുണ്ട്.

ബി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനത്തിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

ബി. ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന എന്നീ പദ്ധതികളുടെ നടത്തിപ്പ് പരിശോധിയ്ക്കുന്നതിന് സംസ്ഥാനതല മോണിറ്റേർസിനെ നിയോഗിച്ചിട്ടുണ്ട്.

നഗരവികസനം സംബന്ധിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോഡൽ ഏജൻസി ഡി.റ്റി.പി., കുടുംബശ്രീ, കെ.എസ്.യു.ഡി.പി. എന്നീ സ്ഥാപനങ്ങളാണ്. പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് അവലോകനം നടത്തുന്നതിന് സർക്കാർ തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാരും കമ്മിറ്റി അംഗങ്ങളും ടി നോഡൽ ഏജൻസികളും പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും സംബന്ധിച്ച് മാസം തോറും അവലോകനം നടത്തുന്നുണ്ട്.

സി. ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

സി. ഇന്ദിരാ ആവാസ് യോജന പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിലായി നിർമ്മിച്ച വീടുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ അനുബന്ധമായി കൊടുത്തിരിയ്ക്കുന്നു.

നടപ്പ് വർഷം 79,695 വീടുകളാണ് ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്നതിന്

ലക്ഷ്യമിടുന്നത്. കേന്ദ്ര സ്കീം അനുസരിച്ച് വീടൊന്നിന് 38,500/- രൂപയാണ് ധനസഹായമായി നൽകേണ്ടത്. എന്നാൽ പൊതു വിഭാഗത്തിന് 50,000/- , പട്ടികജാതി വിഭാഗത്തിന് 75,000/-, പട്ടികവർഗ്ഗ വിഭാഗത്തിന് 1 ലക്ഷം എന്നീ നിരക്കിലാണ് സംസ്ഥാനത്ത് ധനസഹായം നൽകുന്നത്. ഇതിനാവശ്യമായ അധികതുക തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്നു.

| | |
|---|---|
| ഡി. സുവർണ്ണജയന്തി ഗ്രാമീണ റോസ്ഗാർ ഡി. യോജന പദ്ധതി പ്രകാരം മുൻകാലത്തേക്കാൾ കൂടുതൽ പദ്ധതി വിഹിതം നേടിയെടുക്കുന്നതിനും ചെലവഴിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നതിനാൽ സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന 2008-09 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നില്ല. ഗ്രാമീണ സ്വയം തൊഴിൽ പദ്ധതിയായ സുവർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അതിനു മുൻപുള്ള മൂന്നു വർഷങ്ങളെക്കാൾ കൂടുതൽ കേന്ദ്രവിഹിതം ലഭിയ്ക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

ഇന്ദിരാ ആവാസ് യോജന പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നിർമ്മിച്ച വീടുകളുടെ എണ്ണം .

| വർഷം | നിർമ്മിച്ച പുതിയ വീടുകളുടെ എണ്ണം | പുനരുദ്ധരിച്ച വീടുകളുടെ എണ്ണം | വായ്പാ സബ്സിഡി പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം | ആകെ (2+3+4) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 2006-07 | 21407 | 8349 | 1061 | 30817 |
| 2007-08 | 26842 | 9600 | 652 | 37094 |
| 2008-09 | 36845 | 15013 | 1194 | 53052 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 36 | 23.06.2009-ൽ മറുപടിക്ക്

## ഡോ.എം.എ.ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീമതി.ജെ.അരുന്ധതി | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) | ജനകീയാസൂത്രണ പദ്ധതി നടപ്പാക്കിയശേഷം ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുന്നതിന് നിയോഗിച്ചിരുന്ന ഡോ.എം.എ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി സംബന്ധിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകളും ശുപാർശകളും എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | റിപ്പോർട്ടിന്റെ ബന്ധപ്പെട്ട ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | തദ്ദേശസ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സമിതി ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി , വിനോദ നികുതി, പരസ്യ നികുതി തുടങ്ങിയവയുടെ വർദ്ധന വിസ്തൃതമാക്കുന്ന നടപടികളും കാര്യക്ഷമമായ നികുതിപിരിവിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികളും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T*37      23.06.2009 ലെ**

**മറുപടിക്ക്**

## *സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം*

**ചോദ്യം**      **ഉത്തരം**

*ശ്രീ. വി.ഡി. സതീശൻ*
*ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ*
*ശ്രീ. ജി. കാർത്തികേയൻ*

*ധനകാര്യ മന്ത്രി*

| | | |
|---|---|---|
| എ. | കേന്ദ്ര ഗവൺമെന്റ് ഏറ്റവും ഒടുവിൽ കേന്ദ്ര ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടത്തിയതിനു തുല്യമായ രീതിയിൽ അതേ തീയതി മുതലോ അല്ലാതെയോ സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം നടത്തണമെന്ന് ഏതെല്ലാം സർവ്വീസ് സംഘടനകൾ ആവശ്യമുന്നയിച്ചിട്ടുണ്ട്; | ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻസ്, ഫെഡറേഷൻ ഓഫ് എംപ്ളോയീസ് ആന്റ് ടീച്ചേഴ്സ് ഓർഗനൈസേഷൻസ്, കേരള ഗസറ്റഡ് ഓഫീസേഴ്സ് സെന്റർ എന്നീ സർവ്വീസ് സംഘടനകൾ കേന്ദ്ര ഗവൺമെന്റ് ഏറ്റവും ഒടുവിൽ കേന്ദ്ര ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടത്തിയതിനു തുല്യമായ രീതിയിൽ സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം നടത്തണമെന്ന് ആവശ്യമുന്നയിച്ചിട്ടുണ്ട്. |
| ബി. | കേന്ദ്ര ഗവൺമെന്റ് ശമ്പള പരിഷ്ക്കരണം നടത്തിയ രീതിയിൽ സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിന് എന്ത് അധിക ചെലവു വരും; | കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് പത്ത് വർഷത്തിലൊരിക്കലാണ് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി വരുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് 1973 കാലയളവ് മുതൽ അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം എന്നുള്ള തത്വമാണ് സ്വീകരിച്ചിട്ടുള്ളത്. ആകയാൽ കേന്ദ്ര ശമ്പള പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിലല്ല സംസ്ഥാനത്ത് ശമ്പള പരിഷ്ക്കരണം നടത്തി വരുന്നത്. ആയതിനാൽ കേന്ദ്ര ഗവൺമെന്റ് ശമ്പള പരിഷ്ക്കരണം നടത്തിയ രീതിയിൽ സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിന് എന്ത് അധിക ചെലവു വരും എന്നത് സംബന്ധിച്ച് കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. |

| | | |
|---|---|---|
| സി. | കേന്ദ്ര ഗവൺമെന്റ് ഏറ്റവും ഒടുവിൽ ശമ്പള പരിഷ്ക്കരണം നടത്തിയ രീതിയിൽ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് അറിയിക്കുമോ ? | സംസ്ഥാന ജീവനക്കാരുടെ അടുത്ത ശമ്പള പരിഷ്ക്കരണ നടപടികൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. ൧-ാം ശമ്പള കമ്മീഷനെ നിയമിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം യഥാസമയം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 38

23.6.2009-ൽ മറുപടിയ്ക്ക്

## ബയോമെട്രിക് സ്മാർട്ട് കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. രാജൻ:<br>ശ്രീ.കെ. രാജു:<br>ശ്രീ.പള്ളിപ്രം ബാലൻ:<br>ശ്രീ.പി.തിലോത്തമൻ :<br>ശ്രീ. എ.കെ. ചന്ദ്രൻ: | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ). ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതി തടയുന്നതിനായി തൊഴിലാളികൾക്ക് ബയോമെട്രിക് സ്മാർട്ട് കാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാർഡ് വിതരണം ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ. ഉണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിലെ അഞ്ച് പഞ്ചായത്തുകളിലും, വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിലെ അഞ്ച് പഞ്ചായത്തുകളിലും ബയോമെട്രിക് സ്മാർട്ട് കാർഡ് നൽകുവാനുള്ള പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുസരിച്ച് തൊഴിലിന് അപേക്ഷിച്ചാൽ എത്ര ദിവസത്തിനുള്ളിൽ ഗ്രാമപഞ്ചായത്തുകൾ തൊഴിൽ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ നൽകിയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| സി. പ്രസ്തുത കാലയളവിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതുപ്രകാരം തൊഴിലില്ലായ്മ വേതനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | സി. ഉണ്ട്. ഇപ്രകാരം ഒരാൾക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 39 23-06-09 ൽ മറുപടിക്ക്

## വാണിജ്യ നികുതി വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി : | | ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ നവീകരിക്കാൻ സ്വീകരിച്ച നടപടി നികുതി വരുമാനം ഉയർത്തുന്നതിൽ പങ്കു വഹിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ; | (എ) | ഉണ്ട് ;<br>വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തിയ നവീകരണത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ക്രമാനുഗതമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തെ നികുതി വരുമാനം ചുവടെ ചേർക്കുന്നു.<br>2006-07 - 8563.31 കോടി<br>2007-08 - 9685.34 കോടി<br>2008-09 - 11377.14 കോടി<br>നികുതി വരുമാനത്തിലുള്ള ഈ വർദ്ധന പ്രധാനമായും ചെക്ക് പോസ്റ്റുകളിലേർപ്പെടുത്തിയ നവീകരണ പരിപാടികളുടെ ഫലമായിട്ടാണ്. |
| (ബി) | വാണിജ്യ നികുതി വകുപ്പിൽ ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണ് ; ജീവനക്കാരുടെ കാര്യക്ഷമത ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ പൂർണ്ണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ബി) | വാണിജ്യ നികുതി വകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിന് ഇ-ഫയലിംഗ് നടപ്പിലാക്കി. ഇ-ഫയലിംഗ്, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് പരിശീലനം നൽകുകയും വ്യാപാരികളുടെ മേഖലയിൽ ആംനെസ്റ്റി സ്കീം, സ്വത്വം വെളിപ്പെടുത്തൽ പദ്ധതി എന്നിവ നടപ്പാക്കിക്കൊണ്ട് ഡിപ്പാർട്ടുമെന്റും, വ്യാപാരികളും തമ്മിൽ സൗഹൃദപരമായ രീതിയിൽ കേസുകൾ തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുകയും, കൂടുതൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യമാക്കുകയും ചെയ്യും. വാളയാറും പരിസരപ്രദേശ |

ങ്ങളിലെയും ചെക്ക് പോസ്റ്റുകളും, മഞ്ചേശ്വരം ചെക്ക് പോസ്റ്റും അഴിമതി മുക്തമാക്കി. ചെക്ക് പോസ്റ്റുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, അഴിമതി രഹിതമായി പ്രഖ്യാപിച്ചിട്ടുള്ള ചെക്ക് പോസ്റ്റുകളിൽ അഴിമതി കണ്ടെത്തി വിവരമറിയിക്കുന്നവർക്ക് പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മിഷൻ പാലക്കാടിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്ക് പോസ്റ്റുകളിലെ കൗണ്ടറുകൾ ഡസ്റ്റ് ഫ്രീയാക്കി. വാളയാറിൽ ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തി. വേബ്രിഡ്ജ്, കണ്ടെയ്നർ മോഡ്യൂളുകൾ എന്നിവ സ്ഥാപിച്ചു. ചെക്ക് പോസ്റ്റ് ജീവനക്കാർക്ക് കുടുംബശ്രീ വഴി ഭക്ഷണ സംവിധാനം ഏർപ്പെടുത്തി. ജീവനക്കാർക്ക് താമസസൗകര്യം ഏർപ്പെടുത്തി. വാളയാറിൽ അധികമായി 36 ഇൻസ്പെക്ടർ, 45 പ്യൂൺ, 6 ക്ലാർക്ക് എന്നീ തസ്തികകൾ അനുവദിച്ചു. വാളയാറിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി

P.W.D.(N.H) മുഖാന്തിരം റോഡുകൾ പുതുക്കി പണിതിട്ടുണ്ട്. എല്ലാ മേജർ ചെക്ക് പോസ്റ്റുകളിലും ഓൺ-ലൈൻ സംവിധാനം ഏർപ്പെടുത്തിയതു കൂടാതെ ഇ-കണക്ടിവിറ്റിയും ഏർപ്പെടുത്തി. വൈദ്യുതി തടസ്സപ്പെടുന്ന സമയങ്ങളിൽ ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നതിനായി എല്ലാ ചെക്ക് പോസ്റ്റുകളിലും ഇൻവർട്ടർ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികൾ തീർച്ചയായും വകുപ്പിന് ഗുണം ചെയ്തിട്ടുണ്ട്.

നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വാണിജ്യ നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ-- പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.40. 23-6-2009- ൽ മറുപടിക്ക്

### ഓരുജല ചെമ്മീൻ കൃഷിക്ക് സബ്സിഡി

ചോദ്യം

ശ്രീ.പി.സി.വിഷ്ണുനാഥ് :

ശ്രീ.കെ.അച്ചുതൻ :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഓരുജല ചെമ്മീൻ കൃഷിക്ക് കൃഷി ചെലവിന്റെ മൂന്നിലൊന്ന് സബ്സിഡി യായി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഓരുജല മത്സ്യകൃഷിക്ക് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശപ്രകാരമാണ് സബ്സിഡി നൽകുന്നത്. ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ വഴി 2 ഹെക്ടറോ അതിൽ താഴെയോ സ്ഥലമുള്ള ചെറുകിട ഓരുജല മത്സ്യ കർഷകർക്ക് ഓരുജല ഫാമുകൾ നിർമ്മിക്കുന്ന തിനോ പുതുക്കുന്നതിനോ ചെലവിന്റെ 25% മോ (ഇൻപുട്ട് സബ്സിഡി ഉൾപ്പെടെ) അല്ലെങ്കിൽ പരമാവധി 40000 രൂപയോ ഏതാണ് കുറവ് അതാണ് ഒരു ഹെക്ടറിന് സബ്സിഡിയായി നൽകി വരുന്നത്. 2009-10 മുതൽ ഇത് 60,000/- രൂപ യായി ഉയർത്തിയിട്ടുണ്ട്. |
| (ബി) ഇതനുസരിച്ച് ചെമ്മീൻ കൃഷിക്കാ ർക്ക് സബ്സിഡി നൽകിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (ബി) കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള തോതിൽ കർഷകർക്ക് സബ്സിഡി നൽകി വരുന്നു. |
| (സി) അവർക്ക് എന്ന് സബ്സിഡി നൽകും എന്നു വ്യക്തമാക്കുമോ ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:41

23.6.2009-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ

**ചോദ്യം**

ശ്രീ. കെ.കെ.ഷാജു

**മറുപടി**

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ വിവിധ കടങ്ങൾ എഴുതി തള്ളുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ;

എ) 2008- ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് 3-ാം വകുപ്പ് പ്രകാരം കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാർ രൂപീകരിക്കുകയും കമ്മീഷൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള രണ്ട് ലക്ഷം അപേക്ഷാഫോറങ്ങൾ അച്ചടിച്ച് മത്സ്യഭവൻ വഴി വിതരണം ചെയ്യുകയും ആയതിൻ പ്രകാരം 107564 അപേക്ഷാഫോറങ്ങൾ പൂരിപ്പിച്ച് തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ വിവിധ ജില്ലകളിൽ സിറ്റിംഗുകൾ നടത്തി വരുന്നു.

ബി) മത്സ്യത്തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും മുഴുവൻ കടങ്ങളും എഴുതിതള്ളി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സമയബന്ധിതമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ?

ബി) മത്സ്യത്തൊഴിലാളികടാശ്വാസ കമ്മീഷനാണ് കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച പരിശോധനകൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ശുപാർശകൾ സർക്കാരിന് സമർപ്പിക്കുന്നത്. കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ അന്തിമമായ തീരുമാനം കൈകൊള്ളും. മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സർക്കാർ പലിശ രഹിത വായ്പാപദ്ധതി , കുറഞ്ഞ പലിശ നിരക്കിൽ റിവോൾവിംഗ് ഫണ്ട്- 800 ചെറുകിട തൊഴിൽ സംരംഭങ്ങൾ 11000 കുടുംബങ്ങൾക്ക് പുനരധിവാസ പദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷാ ബീക്കൺ, സ്വാശ്രയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, പച്ച മത്സ്യ വിപണനത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങൾ, ഫിഷ് കിയോസ്കുകൾ, സൂപ്പർമാർക്കറ്റുകൾ, കല്ലുമ്മേക്കായ വളർത്തൽ, അലങ്കാര മത്സ്യകൃഷി തുടങ്ങി ഒട്ടേറെ പദ്ധതികൾ മത്സ്യ മേഖലയിൽ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.42.　　　　23-6-2009- ൽ മറുപടിയ്ക്ക്

ആഗോളസാമ്പത്തികമാന്ദ്യവും മത്സ്യകയറ്റുമതിയും

ചോദ്യം　　　　മറുപടി

ശ്രീ.കെ.വി.അബ്ദുൾ ഖാദർ :　　　　ശ്രീ. എസ്. ശർമ്മ

ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :　　　　(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ.എ.പ്രദീപ് കുമാർ :

ശ്രീ.എ.എം.ആരിഫ് :

ശ്രീ.സി.കെ.സദാശിവൻ :

| | |
|---|---|
| (എ) ആഗോളസാമ്പത്തികമാന്ദ്യം മത്സ്യ കയറ്റുമതിയെ ബാധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) 2007-08 സാമ്പത്തിക വർഷം ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സമുദ്രോല്പന്ന കയറ്റുമതിയിൽ ഇടിവുണ്ടായെങ്കിലും 2008-09 സാമ്പത്തികവർഷം കേരളത്തിൽനിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി വരുമാനത്തിൽ 9.74% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇതു സംബന്ധിച്ച രേഖകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ആഭ്യന്തര മത്സ്യവിപണി ശക്തിപ്പെടുത്താനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങൾ സംരക്ഷിക്കാനുമായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) ആവിഷ്ക്കരിക്കുന്നതാണ്. ആഗോള മാന്ദ്യം കേരളത്തിന്റെ മത്സ്യമേഖലയെ ബാധിക്കാതിരിക്കാൻ 2009-10 സാമ്പത്തികവർഷത്തെ ബജറ്റിൽ ആഭ്യന്തരവിപണി ശക്തിപ്പെടുത്തുന്നതിനും പുതിയ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സർക്കാർ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) മത്സ്യസംസ്ക്കരണം, ആഭ്യന്തരവിപണനം എന്നിവയുമായി ബന്ധപ്പെട്ട് ഉപതൊഴിലുകൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ; | (സി) ആഭ്യന്തരവിപണന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ശീത ശൃംഖലകൾ സ്ഥാപിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ഫ്രഷ് ഫിഷ് പോയിന്റുകൾ സ്ഥാപിക്കുന്നതിനും ഫിഷ് ബൂത്തുകളും ഫിഷ് കിയോസ്കുകളും റീട്ടെയിൽ ഔട്ട്ലെറ്റുകളും സ്ഥാപിക്കുന്നതിനും സ്വാശ്രയഗ്രൂപ്പുകളെ സംഘടിപ്പിച്ച് മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. പുതിയ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി അലങ്കാരമത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, കല്ലുറോൾ വളർത്തൽ, ചിപ്പി കൃഷി തുടങ്ങിയ ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതാണ്. ഈ പദ്ധതികൊണ്ട് 1000 മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്. |
| (ഡി) കാലവർഷക്കെടുതി അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | (ഡി) കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശവാസികളെ മാറ്റി പാർപ്പിക്കുക, അവർക്കു സൗജന്യ റേഷൻ നൽകുക തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ റവന്യൂ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഫിഷറീസ് വകുപ്പ് മൺസൂൺ സമയത്ത് നടപ്പി |

| | |
|---|---|
| | ലാക്കുന്ന ട്രോളിംഗ് നിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും ഫിഷിംഗ് ഹാർബറുകൾ, ലാൻറിംഗ് സെൻററുകൾ, പീലിംഗ് ഷെഡുകൾ എന്നിവയിലെ അനുബന്ധതൊഴിലാളികൾക്കും സൗജന്യറേഷൻ നല്കി വരുന്നു. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന സമ്പാദ്യസമാശ്വാസപദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ 300/- രൂപ വീതം വിതരണം ചെയ്യു വരുന്നു. ഈ വർഷം മുതൽ ഇത് 600/- രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.<br><br>കാലവർഷക്കെടുതി നേരിടുന്നതിന്റെ ഭാഗമായി എല്ലാ തീരദേശജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ 2009 മേയ് മാസം 15-ാം തീയതി മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കടൽ പട്രോളിംഗിനും മൺസൂൺകാല കടൽരക്ഷാ പ്രവർത്തനത്തിനുമായി എല്ലാ തീരദേശജില്ലകളിലും ബോട്ടുകൾ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രക്ഷാ |

| | |
|---|---|
| | പ്രവർത്തനങ്ങൾക്കായി പരിശീലനം ലഭിച്ചിട്ടുള്ള മത്സ്യതൊഴിലാളികളുടെയും മറൈൻ എൻഫോഴ്സ്മെൻറ് വിഭാഗം പോലീസ് സുപ്രണ്ടിൻെറ മേൽനോട്ടത്തിൽ 60 പോലീസുകാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

THE MARINE PRODUCTS EXPORT DEVELOPMENT AUTHORITY
Panampilly Avenue, Kochi -682 036.

Ref. No. 5/6/Co-ord/2009 (Fax: 0471-2303160) 17.06.2009

The Director of Fisheries
Government of Kerala
Vikas Bhavan
Thiruvananthapuram - 695 033.

Sir,

Please refer your fax message No.6740/C2/09/F&PD dated 15.06.2009 regarding preparation of answers to Legislative Assembly Starred Question No.42 for answer on 23.06.2009 regarding global economic recessions & fish exports. We furnish below the materials for framing answer suitably at your end.

Ques. (a): Whether global economic recessions have affected exports of marine products?

Ans: Export of marine products from India does not seem to have been affected by the global economic issues. Exports during the year 2008-09 increased by 11.22% in quantity and 12.7% in Rupee earnings compared to the exports during the last year. Exports from Kerala also increased during the year. The export trend from India and Kerala is shown below: -

**EXPORT TREND OF MARINE PRODUCTS FROM INDIA**

| Details | 2004-05 | 2005-06 | 2006-07 | 2007-08 | 2008-09(*) | Growth in 2008-09 from 2007-08 |
|---|---|---|---|---|---|---|
| Quantity in Ton | 461329 | 512164 | 612641 | 541701 | 602386 | 11.20% |
| Rupees in lakh | 6646.69 | 7245.30 | 8363.53 | 7620.92 | 8592.08 | 12.74% |
| **EXPORTS FROM KERALA** | | | | | | |
| Quantity in Ton | 87337 | 97311 | 108616 | 100304 | 100794 | 0.49% |
| Rupees in lakh | 1157.42 | 1257.65 | 1524.12 | 1430.47 | 1569.82 | 9.74% |

(*) Provisional.

Ques. (b): Whether any project has been implemented for the strengthening of internal fish marketing and to safeguard the livelihood of the fishermen community?

Ans: MPEDA do not deal with internal markets.

## പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 43          23.06.09 ൽ മറുപടിയ്ക്ക്.

## സച്ചാർ കമ്മീഷൻ ശുപാർശകൾ

**ചോദ്യം**          **ഉത്തരം**

ശ്രീ. സി.ടി. അഹമ്മദ് അലി

ശ്രീ. പാലോളി മുഹമ്മദ് കുട്ടി.
(തദ്ദേശ സ്വയം ഭരണവും
ഗ്രാമവികസനവും വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സച്ചാർ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | (എ) | സച്ചാർ കമ്മിററി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ശ്രീ.പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ കമ്മിററി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിററിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സെക്രട്ടേറിയററിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സെൽ ഘട്ടം ഘട്ടമായി വിപുലീകരിച്ച് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേററുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ളാർക്ക് തസ്തിക വീതം സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. മുസ്ളീം പെൺകുട്ടികൾക്ക് ബിരുദ/ബിരുദാനന്തര/ പ്രൊഫഷണൽ കോഴ്സുകൾക്ക് മെരിററ്-കം-മീൻസ് അടിസ്ഥാനത്തിൽ പ്രതിവർഷം യഥാക്രമം 3000, 4000, 5000 രൂപ നിരക്കിൽ മൊത്തം 5000 സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിനും, മുസ്ളീം പെൺകുട്ടികൾക്ക് ഹോസ്റ്റലിൽ താമസിച്ച് കോളേജുകളിലും മൽസരപരീക്ഷകൾക്കും പഠിക്കുന്നതിന് മെരിററ്-കം-മീൻസ് അടിസ്ഥാനത്തിൽ സ്റ്റൈപൻറ് അനുവദിക്കുന്നതിനും, സർക്കാർ ഉത്തരവാകുകയും, പ്രസ്തുത പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കിവരികയും ചെയ്യുന്നു. സിവിൽസർവ്വീസ്, യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരി |

| | | | |
|---|---|---|---|
| | | | ശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് അഞ്ച് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവാകുകയും പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി പെൻഷൻ ഏർപ്പെടുത്തുകയും ഇതിൻെറ ഓഫീസ് കോഴിക്കോട് ഹജ്ജ് ഹൗസിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു മാനേജർ, ഒരു അക്കൗണ്ടൻറ്, രണ്ട് അസിസ്റ്റൻറുമാർ, ഒരു പ്യൂൺ എന്നീ തസ്തികകൾ സൃഷ്ടിച്ച് മാനേജർ, അസിസ്റ്റൻറ് എന്നീ തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ക്ഷേമനിധി ഫണ്ട് സ്വരൂപിക്കുന്നതിൻെറ ഭാഗമായി കരുതൽ ധനമായി 2008-09 സാമ്പത്തിക വർഷത്തിൽ 4 കോടിരൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ദഖ്നി, കച്ചിമെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ചേർക്കുന്നതിന് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംവരണ നഷ്ടം സംബന്ധിച്ച പ്രശ്നത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ട്. മതിയാംവണ്ണം വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നുണ്ട്. തീരദേശങ്ങളിലും മലയോരപ്രദേശങ്ങളിലുമുള്ള മുസ്ളീങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഉൾക്കൊള്ളുന്ന പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷപാക്കേജ് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി നടപ്പാക്കുന്നതിനാവശ്യമായ നടപടി കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപ്പിൽ വരുത്തുന്നതിന് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന് വേണ്ടി 2008-09, 2009-2010 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജററിൽ എത്ര തുക നീക്കിവച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ഇതിന് വേണ്ടി 2008- 09 സാമ്പത്തിക വർഷത്തെ ബഡ്ജററിൽ 10 കോടി രൂപയും 2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജററിൽ 11 കോടി രൂപയും നീക്കിവച്ചു. |

| | | | |
|---|---|---|---|
| (സി) | സച്ചാർ കമ്മീഷൻ ശുപാർശ നടപ്പിലാക്കുന്നതിന് വേണ്ടി ഇത് വരെ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലോളി കമ്മിറ്റി സമർപ്പിച്ച ശുപാർശ നടപ്പിലാക്കുന്നതിന് വേണ്ടി 2008-09 സാമ്പത്തിക വർഷത്തിൽ 5,11,41,526/- രൂപ ചെലവഴിച്ചു. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 44 — 23.06.2009- ൽ മറുപടിക്ക്.

## പോലീസ് സേനാ നവീകരണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേരള പോലീസ് സേനാ നവീകരണത്തിന് പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | : | (എ) പോലീസ് മോഡേണൈസേഷൻ സ്കീമിന്റെ ഭാഗമായി 2009-2010 സാമ്പത്തിക വർഷത്തിൽ മുൻഗണനാക്രമത്തിൽ Part-A-യിൽ (അനുബന്ധം-I) ഉൾപ്പെടുത്തിയിട്ടുള്ള ആവശ്യങ്ങൾക്കായി 23.18 കോടി രൂപ കേന്ദ്രവിഹിതമായും, 7.58 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 3.73 കോടി രൂപ കേന്ദ്ര വിഹിതത്തിന്റെ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. മുൻഗണനാ അടിസ്ഥാനത്തിൽ രണ്ടാം പട്ടിക (Part-B)-യിൽ (അനുബന്ധം-II) ഉൾപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും 23.61 കോടി രൂപ കേന്ദ്ര വിഹിതമായും, 8.02 കോടി രൂപ സംസ്ഥാന വിഹിതമായും ലഭ്യമാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (ബി) പോലീസ് ഉദ്യോഗസ്ഥരുടെ യൂണിഫോം നവീകരിക്കാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ എന്തു മാറ്റമാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | : (ബി) പോലീസ് ഉദ്യോഗസ്ഥരുടെ യൂണിഫോം നവീകരിക്കുന്നതിനായി എ.ഡി.ജി.പി. (ഹെഡ് ക്വാർട്ടേഴ്സ്), ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. |

[signature]
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 45, 23/6/09 ലെ മറുപടിക്ക്</u>

## വിരമിക്കൽ പ്രായം ഏകീകരണം

<u>ചോദ്യം</u>

ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ
ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. വി.ജെ.തങ്കപ്പൻ
ശ്രീ. കെ.ടി. ജലീൽ
ശ്രീ.സാജു പോൾ

<u>ഉത്തരം</u>

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ്
മന്ത്രി ശ്രീ. തോമസ് ഐസക്

| | | |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരിച്ചതുമൂലം സിവിൽ സർവ്വീസ് രംഗത്ത് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | സർക്കാർ ജീവനക്കാരുടെ ഭരണപരമായ **കാര്യക്ഷമത വർദ്ധിക്കുമെന്ന്** പ്രതീക്ഷി**ക്കുന്നു.** |
| (ബി) | വിരമിക്കൽ പ്രായം ഏകീകരിച്ചതിന്റെ ഫലമായി തൊഴിൽ രഹിതരുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | വിരമിക്കൽ തീയതി ഏകീകരിച്ചതുകൊണ്ട് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നില്ല. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രവേശന തസ്തികയിൽ നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് |
| (സി) | വിരമിക്കൽ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകൾ എന്തെല്ലാം ആശങ്കകളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് ; | പ്രൊമോഷൻ അവസരങ്ങൾ നഷ്ടപ്പെടുന്നതായും അത്തരം **ജീവന**ക്കാർക്ക് പെൻഷൻ **ആനുകൂല്യങ്ങളിൽ കുറവ്** വരുന്നതായും ജീവനക്കാരുടെ സംഘടനകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |
| (ഡി) | അവ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ? | പരി**ശോധിച്ചു വരുന്നു** |

[signature]

അക്കൗണ്ട്സ് ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 46

23.6.2009-ൽ മറുപടിയ്ക്ക്

## ഗ്രാമീണ റോഡുകളുടെ സമ്പൂർണ്ണ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>ശ്രീ.എസ്. രാജേന്ദ്രൻ:<br>ശ്രീമതി. കെ.എസ്. സലീഖ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ. ഗ്രാമീണ റോഡുകളുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തിന് സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ. & ബി. പദ്ധതിക്ക് രൂപം നൽകി വരികയാണ്. വിശദാംശം തയ്യാറാക്കി വരുന്നു. |
| ബി. എത്ര കോടി രൂപയുടെ പുനരുദ്ധാരണ പദ്ധതിയാണ് ഈ വർഷം ഏറ്റെടുക്കുന്നത്; ഇതിനാവശ്യമായ ഫണ്ട് എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; | |
| സി. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം എത്ര കിലോമീറ്റർ റോഡ് നിർമ്മിച്ചിട്ടുണ്ട്; ഈ വർഷം പുതുതായി എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കുമെന്ന് വെളിപ്പെടുത്തുമോ ? | സി. ജനകീയാസൂത്രണ പദ്ധതി പ്രകാരം 96-97 മുതൽ 2006-07 വരെയുള്ള കാലയളവിൽ 3,93,068/- കി.മീ. ദൈർഘ്യം വരുന്ന 1,22,124 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ വർഷത്തെ പദ്ധതി തയ്യാറായി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47

23.06.2009-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. പി.കെ.അബ്ദുറബ്ബ്<br>ശ്രീ. യു.സി. രാമൻ | ഡോ. ടി.എം. തോമസ് ഐസക്ക്<br>ബഹു. ധനകാര്യ വകുപ്പുമന്ത്രി |

### ആഗോള സാമ്പത്തിക മാന്ദ്യം

| | | |
| --- | --- | --- |
| (എ) | ആഗോള സാമ്പത്തിക മാന്ദ്യം നേരിടുന്നതിന്റെ ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പതിനായിരം കോടി രൂപ പാക്കേജിന്റെ വിശദാംശം വ്യക്തമാക്കാമോ; | 2009-10 ബഡ്ജറ്റിൽ 10000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം, പദ്ധതിയിലും പദ്ധതിക്കു പുറത്തുമായി 5000 കോടി രൂപയുടെ കുടിവെള്ള-ജലസേചന- മരാമത്തു പണികൾക്ക് ഭരണാനുമതി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിനായി 2100 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തീരദേശ ഹൈവേയുടെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കുന്നതിനും മലയോര പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഏകദേശം 2000 കോടി രൂപയുടെ നിക്ഷേപം ലക്ഷ്യമിടുന്നു. ഇതു കൂടാതെ പാലങ്ങളുടെയും ബൈ പാസുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിന് 275 കോടി രൂപ അനുവദിക്കുന്നതാണ്. ഈ വർഷം ആരംഭിക്കുന്ന ജലനിധി യുടെ രണ്ടാം ഘട്ടത്തിന്റെ അടങ്കൽ തുക 1200 കോടി രൂപയാണ്. സുസ്ഥിര നഗരവികസന പദ്ധതിയിലെ കുടിവെള്ള സ്കീമുകൾ, ജ്ലൻറം കുടിവെള്ള സ്കീമുകൾ എന്നിവ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കായി 274 കോടി രൂപ ചെലവിടുന്നതാണ്. സഹകരണ |

ബാങ്കുകളിൽ നിന്നുള്ള വായ്പ സഹായത്തോടുകൂടി 2000 കോടി രൂപയുടെ ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതാണ്. പൊതുമേഖല യുടെ വിപുലീകരണത്തിനായി 883 കോടി രൂപ ചെലവിടും. ചെറുകിട– ഇടത്തരം വ്യവസായങ്ങളുടെ സംരക്ഷണത്തിന് 500 കോടി രൂപയുടെ കെ.എഫ്.സി. വായ്പ പാക്കേജും , ടൂറിസം മേഖലയുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി 523 കോടി രൂപയും , ഐ.റ്റി. മേഖലയിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായി 385 കോടി രൂപയും മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | പ്രസ്തുത പാക്കേജിന് ആവശ്യമായ തുക ഏത് രീതിയിൽ കണ്ടെത്താനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സർക്കാരും അർദ്ധസർക്കാർ സ്ഥാപനങ്ങളും നേരിട്ട് പശ്ചാത്തല നിർമ്മാണത്തിന് മുടക്കുന്ന പണവും വായ്പകളും ഉപയോഗപ്പെടുത്തിയാണ് ഈ പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിനകം ഈ പാക്കേജി നായി എത്ര രൂപ കണ്ടെത്തു വാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഈ പാക്കേജ് നടപ്പിലാക്കുന്നതാനായി ഇതിനകം തന്നെ പൊതു വിപണിയിൽ നിന്നും 800 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. കൂടാതെ 600 കോടി രൂപ യുടെ വായ്പയും കൂടി ഉടൻ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മാന്ദ്യ വിരുദ്ധ പാക്കേജിന് മൂലധനം കണ്ടെത്തുന്നതിന്റെ ഭാഗമായി, മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 4%-ത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള അനുമതി സംസ്ഥാന സർക്കാരിന് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ട്രഷറി നിക്ഷേപ സമാഹരണം വിപുലപ്പെടുത്തിയും അധിക വിഭവസമാഹരണം ലക്ഷ്യമിടുന്നു. |

---

| | | |
|---|---|---|
| (ഡി) | ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ ഏത് മേഖലകളെയാണ് ബാധിച്ചിട്ടുള്ളതെന്ന് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് ഇതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ? | സാമൂഹ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നത് ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, തൊഴിലും വരുമാനവും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനായി പൊതു മൂലധന നിക്ഷേപം ഉയർത്തുക തുടങ്ങിയ ദ്വിമുഖ സാമ്പത്തിക തന്ത്രമാണ് മാന്ദ്യത്തിനെതിരെയുള്ള പരിഹാര മാർഗ്ഗം. സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും രണ്ടു രൂപയ്ക്കു റേഷനരി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സാമൂഹ്യ ക്ഷേമ പെൻഷൻ തുകകൾ വർദ്ധിപ്പിച്ചു. തൊഴിലും വരുമാനവും ഉത്പാദനവും വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ 10000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:48

23. 6. 2009-ൽ മറുപടിയ്ക്ക്

## കൊച്ചി ഓഷ്യേനേറിയം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. എം.ജെ.ജേക്കബ്<br>ശ്രീ. എം.കെ.പുരുഷോത്തമൻ<br>ശ്രീ. എ.എം യൂസഫ്<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കൊച്ചി ഓഷ്യേനേറിയം പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | എ) കൊച്ചിയിൽ ഒരു മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും ഓഷ്യേനേറിയവും സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ തീരുമാനിക്കുകയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനെ ബിഡ് മാനേജരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിനായി പുതുവൈപ്പിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥാവകാശത്തിലുള്ള 50 ഏക്കർ സ്ഥലം, ഫിഷറീസ് വകുപ്പിലേക്ക് കൈമാറ്റം ചെയ്തു. ഇതിൽ 10 ഏക്കർ സ്ഥലത്ത് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജി (CMLRE) യുടെ ആഫീസും റിസർച്ച് സ്റ്റേഷനും 40 ഏക്കറിൽ ഓഷ്യേനേറിയവും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കുന്നതാണ്. |
| ബി) പദ്ധതി നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി) ഓഷ്യേനേറിയത്തിന്റെയും, അനുബന്ധ സ്ഥാപനങ്ങളുടെയും നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള ലാന്റ് റിക്ലമേഷൻ പണികൾ ആരംഭിച്ചിട്ടുണ്ട്. ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ആഗോള ടെൻഡർ ക്ഷണിച്ചതിൽ 14 ടെണ്ടറുകൾ ലഭിച്ചു. അവ പരിശോധിച്ച് അനുയോജ്യമായവ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പദ്ധതിയുടെ മൊത്തം മുതൽ മുടക്ക് എത്രയാണ്; | സി) 350 കോടി രൂപ |
| ഡി) പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയാണോ നടപ്പാക്കുന്നത്; സർക്കാരിന്റെ പങ്കാളിത്തം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | ഡി) സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. സാമ്പത്തികഘടന ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചതിനുശേഷം നിശ്ചയിക്കുന്നതാണ്. |
| ഇ) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്? | ഇ) പദ്ധതി 2011 ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *49 23.06.2009 ലെ മറുപടിക്ക്**

## *സാമ്പത്തിക മാന്ദ്യ വിരുദ്ധ പാക്കേജ്*

| ചോദ്യം | ഉത്തരം |
|---|---|
| *ശ്രീ. എം. പ്രകാശൻ മാസ്റ്റർ*<br>*ശ്രീ. പി. വിശ്വൻ*<br>*ശ്രീ. പി. ജയരാജൻ*<br>*ശ്രീ. ആനത്തലവട്ടം ആനന്ദൻ*<br>*ശ്രീ. അൽഫോൺസ് കണ്ണന്താനം* | *ധനകാര്യ മന്ത്രി* |

| | | |
|---|---|---|
| എ. | ആഗോള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്ത് ഏതെല്ലാം മേഖലകളെ ദോഷകരമായി ബാധിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | പരിശോധിച്ചിട്ടുണ്ട്;<br>കയർ, കശുവണ്ടി, സമുദ്രോത്പന്നങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കയറ്റുമതിയും കയറ്റുമതി വരുമാനവും ഇതിനോടകം തന്നെ കുറഞ്ഞിട്ടുണ്ട്.<br>റബർ, നാളികേരം എന്നിവയുടെ വിലത്തകർച്ചയാണ് ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ മറ്റൊരു പ്രത്യാഘാതം. സോയാബീൻ എണ്ണ, പാമോയിൽ എന്നിവയുടെ ഇറക്കുമതിക്കുമേൽ കാര്യമായ യാതൊരു നിയന്ത്രണവുമില്ലാത്തതിനാൽ വെളിച്ചെണ്ണയുടേയും നാളികേരത്തിന്റേയും വില ഭയാനകമാംവിധം താഴാൻപോവുകയാണ്.<br>ഈ സീസണിൽ കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളിൽ 30 ശതമാനത്തോളം കുറവുണ്ടായിട്ടുണ്ട്. വിവര സാങ്കേതിക വ്യവസായ മേഖലയിലെ തൊഴിലിൽ 25 ശതമാനത്തോളം കുറവുണ്ടാകുമെന്നും കരുതുന്നു. വിവര സാങ്കേതിക മേഖലയിൽ ഇപ്പോഴുണ്ടാകുന്ന വെട്ടിക്കുറവിനെക്കാൾ നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടത് ഈ മേഖലയിലെ നിക്ഷേപങ്ങളിൽ ഉണ്ടാകുന്ന മുരടിപ്പാണ്. |

| | | |
|---|---|---|
| | | സമകാലീന സാമ്പത്തിക കുഴപ്പത്തിന്റ ഒരു സവിശേഷത രൂക്ഷമായ വായ്പാഞെരുക്കമാണ്. വായ്പകൾ ലഭ്യമാക്കുന്നതിന് ബാങ്കുകൾ മടിക്കുന്നു. 2008 ഒക്ടോബർ 31നും നവംബർ 7നും ഇടയ്ക്ക് ഇന്ത്യയിൽ ബാങ്ക് വായ്പയിൽ 16630 കോടി രൂപയുടെ കുറവാണ് ഉണ്ടായിരിക്കുന്നത്. |
| ബി. | സംസ്ഥാനത്തു നിന്നുള്ള കയറ്റുമതിയിൽ എന്തു മാത്രം കുറവ് ഉണ്ടായിട്ടുണ്ട്; | വിവിധ ഉത്പന്നങ്ങളുടെ കയറ്റുമതിയെക്കുറിച്ചുള്ള കണക്കുകൾ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് കമ്മേഴ്സ്യൽ ഇന്റലിജൻസ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആണ് തിട്ടപ്പെടുത്തുന്നത്. ടി. സ്ഥാപനം 2008 ഡിസംബർ വരെയുള്ള അന്തിമ കണക്കുകൾ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. സംസ്ഥാന ഗവൺമെന്റിന്റെ അനുമാന പ്രകാരം കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ 15 ശതമാനം വരെയും കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ 25 ശതമാനം വരെയും സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയിൽ 30 ശതമാനം വരെയും കരകൗശല ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ 40 ശതമാനം വരെയും കുറവ് പ്രതീക്ഷിക്കുന്നു. |
| സി. | സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് നൽകിയ ശുപാർശകൾ എന്തെല്ലാമാണ്; അവ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സാമ്പത്തിക മാന്ദ്യം മൂലം സംസ്ഥാനത്തിനുണ്ടാകാൻ പോകുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രധാനമായും സാമൂഹ്യ സുരക്ഷിതത്വം വർദ്ധിപ്പിക്കുക, സാമ്പത്തിക ഉത്തേജക പദ്ധതികൾ കൈക്കൊള്ളുക, ഭരണ നിർവഹണം മെച്ചപ്പെടുത്തുക എന്നീ മൂന്നു വിഷയങ്ങളിൽ ഊന്നിയുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികൾ കൈക്കൊള്ളാനുള്ള ശുപാർശകളാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഈ വിഷയത്തിൽ ഗവൺമെന്റിന് സമർപ്പിച്ചത്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് സമർപ്പിച്ച റിപ്പോർട്ട് പഠിച്ച് നിർദ്ദേശങ്ങൾ നൽകുവാൻ വ്യവസായ വകുപ്പ് മന്ത്രി, കൃഷി വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, |

| | | |
|---|---|---|
| | | ജലവിഭവ വകുപ്പ് മന്ത്രി എന്നിവർ ഉൾപ്പെടുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| ഡി. | പ്രതിസന്ധി നേരിടാനായി സർക്കാർ പ്രഖ്യാപിച്ച പാക്കേജിൽ ഈ വർഷം എന്തു തുക ചെലവഴിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ? | ആഗോള സാമ്പത്തിക പ്രതിസന്ധി മൂലം ഉണ്ടായ സാഹചര്യം നേരിടുന്നതിന് ഒരു ദ്വിമുഖ സാമ്പത്തിക തന്ത്രമാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുളളത്. ഇതിൽ ഒന്നാമത്തേത് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളും രണ്ടാമത്തേത് തൊഴിലും വരുമാനവും ഉത്പാദനവും വർദ്ധിപ്പിക്കാനുതകുന്ന പൊതു നിക്ഷേപവുമാണ്. പുതിയ ബഡ്ജറ്റിൽ സംസ്ഥാനം പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ട് വർഷം കൊണ്ട് നടപ്പാക്കുന്ന പാക്കേജിനായി സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ അഞ്ച് ശതമാനത്തോളമാണ് വകയിരുത്തിയിട്ടുളളത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 50

23.6.2009-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ.ബി. രാഘവൻ:<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ:<br>ശ്രീമതി.പി. അയിഷാ പോറ്റി : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ). ദേശീയ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ). ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(I) പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കേന്ദ്രസ്ഥാനം നൽകി. എല്ലാ പ്രവൃത്തികളും ഗ്രാമപഞ്ചായത്ത് വഴി മാത്രം നടപ്പിലാക്കി.<br>(ii) ജില്ലാതലത്തിൽ ഐ.റ്റി. പ്രൊഫഷണൽ, അക്കൗണ്ടന്റ്-കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ, ബ്ലോക്ക് തലത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ , അക്കൗണ്ടന്റ് കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഗ്രാമപഞ്ചായത്ത് തലത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ , അക്കൗണ്ടന്റ് കം- കമ്പ്യൂട്ടർ ഓപ്പറേറ്റർ എന്നിവരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഇതിനു പുറമേ വയനാട്, പാലക്കാട് ജില്ലകളിൽ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസറെയും നിയമിച്ചിട്ടുണ്ട്.<br>(iii) തൊഴിലുറപ്പ് പ്രവർത്തികളുടെ സംഘാടനം, തൊഴിൽ കാർഡ് വിതരണം, സ്ത്രീ പങ്കാളിത്തം ഉറപ്പാക്കൽ, ബോധവൽക്കരണം, പ്രവൃത്തി സംബന്ധമായ നോട്ടീസുകളുടെ വിതരണം, തൊഴിൽ ഉപകരണങ്ങളുടെ സൂക്ഷിപ്പും മാനേജ്മെന്റും തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ എ.ഡി.എസ്. വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്.<br>(iv) വിപുലമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br>(v) കരാറുകാരെയും ഇടനിലക്കാരെയും ഒഴിവാക്കി.<br>(vi) തൊഴിലാളികൾക്ക് ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ട് തുടങ്ങുകയും, വേതനം അക്കൗണ്ടിലൂടെ മാത്രം നൽകുകയും ചെയ്തു.<br>(vii) ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കി. |

(viii) ജനകീയ എസ്റ്റിമേറ്റ്, പ്രോജക്റ്റ് ഇനിഷ്യേഷൻ മീറ്റിങ്, പണിയിടങ്ങളിലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ പ്രവർത്തികളുടെ ഫോട്ടോഗ്രാഫുകൾ, വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി സംവിധാനം എന്നിവയിലൂടെ പരമാവധി സുതാര്യത ഉറപ്പാക്കി.

(ix) നിർവ്വഹണത്തെ കാര്യക്ഷമമാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലർ എന്നിവ പുറപ്പെടുവിച്ചു.

(x) എസ്റ്റിമേറ്റുകൾ, മസ്റ്റർ റോൾ, വൗച്ചറുകൾ, അളവുകൾ എന്നിവയുടെ യഥാർത്ഥ റിക്കോർഡുകൾ സൂക്ഷിക്കുകയും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്തു.

(xi) എല്ലാ വാർഡുകളിലും ജാഗ്രതാ മേൽനോട്ട സമിതികൾ രൂപീകരിച്ചു.

(xii) നീർത്തട പരിപാലനത്തിന് പ്രാധാന്യം നൽകി.

(xiii) പരിസ്ഥിതി പുനഃസ്ഥാപന പരിപാടികൾക്ക് പ്രാമുഖ്യം നൽകി.

(xiv) സോഷ്യൽ ആഡിറ്റിന് പ്രയോഗക്ഷമമായ രീതി ആവിഷ്കരിച്ചു.

(xv) ലേബർ ബാങ്ക് രൂപീകരിയ്ക്കുവാൻ മാർഗ്ഗനിർദ്ദേശം തയ്യാറാക്കി.

(xvi) തൽസമയ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം(on-line MIS) പ്രവർത്തനക്ഷമമായി.

(xvii) ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കുടുംബശ്രീ മേറ്റുകൾ എന്നിവർക്ക് പരിശീലനം നൽകി.

ബി. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പണികൾ ചെയ്യുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്; പദ്ധതി പ്രയോജനപ്പെടുത്തി വനവൽക്കരണ പദ്ധതികൾ നടപ്പാക്കുന്നുണ്ടോ;

ബി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ചുവടെ കൊടുത്തിരിക്കുന്ന തരം പ്രവൃത്തികളാണ്.

1. ജല സംരക്ഷണവും ജലകൊയ്ത്തും.
2. വരൾച്ച തടയൽ(വനവൽക്കരണവും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലും)
3. സൂക്ഷ്മ, ചെറുകിട ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ജലസേചന പ്രവൃത്തികൾ.
4. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗം, ബി.പി.എൽ., ഭൂപരിഷ്കരണം മൂലം സ്ഥലം ലഭിച്ചവർ, ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കൾ എന്നിവരുടെ ഭൂമിയിലെ ഭൂവികസന പ്രവർത്തനങ്ങൾ.
5. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കുളങ്ങളിലെ ചെളി നീക്കം ചെയ്യൽ.
6. ഭൂവികസനം.
7. വെള്ളപ്പൊക്ക നിയന്ത്രണം, വെള്ളം കെട്ടികിടക്കുന്നത് ഒഴിവാക്കൽ, ഡ്രെയിനേജ്.
8. ഗ്രാമപ്രദേശത്ത് എക്കാലവും ഉപയോഗിക്കാവുന്ന ഗതാഗതസൗകര്യം.

പദ്ധതിയിൽ ഉൾപ്പെടുത്തി വനംവകുപ്പിന്റെ സഹകരണത്തിൽ വനവൽക്കരണ പരിപാടികൾ നടപ്പാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| സി. | 2008-09-ൽ എത്ര കുടുംബങ്ങൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്, കൂലി ഇനത്തിൽ എത്ര കോടി രൂപ വിതരണം ചെയ്തു; | സി. | 2008-09 സാമ്പത്തിക വർഷം 6,92,015 കുടുംബങ്ങൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കൂലി ഇനത്തിൽ മാത്രം 18,459.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി. | ഈ വർഷം എത്ര കോടി രൂപയ്ക്കുള്ള തൊഴിൽദാന പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | ഡി. | ഈ സാമ്പത്തികവർഷം സംസ്ഥാനത്ത് 67,430.7 ലക്ഷം രൂപയ്ക്കുള്ള തൊഴിലുറപ്പ് പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| ഇ. | പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസും അപകട ഇൻഷ്വറൻസും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | ഇ. | ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ അമ്പത് ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസും അപകട ഇൻഷ്വറൻസും നൽകാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ-51

23-06-2009-ൽ മറുപടി നൽകേണ്ടത്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. പി.ടി.എ. റഹിം. | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ). സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ജനസംഖ്യയിലും വിസ്തീർണ്ണത്തിലും മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകൾ വിഭജിക്കാൻ നടപടി സ്വീകരിക്കുമോ;<br>(സി) നഗരവൽക്കരിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്ന കാര്യം പരിഗണിക്കുമോ;<br>(ഡി) ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ബി). (സി) & (ഡി) ജനസംഖ്യയിലും വിസ്തീർണ്ണത്തിലും മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളെ വിഭജിക്കുന്നതും, നഗരവൽക്കരിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കുന്നതും സർക്കാരിന്റെ പരിഗണനയിലുണ്ട്. മാനദണ്ഡങ്ങൾക്ക് രൂപം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 52 - 23.6.2009 ൽ മറുപടിക്ക്

## നാട്ടിലേക്ക് മടങ്ങിയ പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. വി.ശശി കുമാർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. കെ.കുഞ്ഞിരാമൻ | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പു മന്ത്രി |
| എ. | നാട്ടിലേക്ക് മടങ്ങിയ പ്രവാസി മലയാളികൾക്ക് വ്യവസായ വാണിജ്യ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | 2008 ജൂലൈ ഒന്നിനു ശേഷം തൊഴിൽ നഷ്ടപ്പെട്ട് ഗൾഫിൽ നിന്നും കേരളത്തിലേക്ക് മടങ്ങി വന്നിട്ടുള്ള പ്രവാസി മലയാളികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും കാര്യശേഷിയുള്ള വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കെ.എഫ്.സി 7% പലിശ നിരക്കിൽ ഉദാരമായി ധനസഹായം ലഭ്യമാക്കുന്നുണ്ട്. ആയതിലേക്കുള്ള പ്രത്യേക പദ്ധതിക്കായി പ്രൊസസിംഗ് ഫീസിന്റെ 50% മാത്രമേ ഈടാക്കുന്നുള്ളൂ. പ്രവാസി മലയാളികൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ മുൻഗണന ക്രമത്തിൽ വളരെ വേഗത്തിൽ പരിഗണിക്കുന്നതാണ്. 50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പ്രോജക്റ്റ് റിപ്പോർട്ട് നൽകേണ്ടതില്ല. തിരുവനന്തപുരത്തുള്ള പ്രധാന ഓഫീസിനു പുറമേ എല്ലാ ജില്ലാ ഓഫീസുകളിലും മാർഗ്ഗ നിർദ്ദേശം കൊടുക്കുന്നതിനായി കസ്റ്റമർ റിലേഷൻ മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| ബി. | തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ സാങ്കേതിക ഉപദേശം നൽകാൻ കോർപ്പറേഷൻ സംവിധാനം ഏർപ്പെടുത്തുമോ; | തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക ഉപദേശം നൽകാൻ സാങ്കേതിക വിദഗ്ധരുൾപ്പെട്ട വിദഗ്ധ സമിതി എല്ലാ ഓഫീസുകളിലും രൂപീകരിച്ചിട്ടുണ്ട്. |
| സി. | വായ്പയ്ക്കായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഒരാൾക്ക് പരമാവധി എത്ര രൂപ വായ്പ നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | നിലവിൽ ധനസഹായത്തിനായി പ്രവാസി മലയാളികളിൽ നിന്ന് ഒരു അപേക്ഷ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഏകദേശം നൂറോളം സംരംഭകർ കെ.എഫ്.സിയുടെ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കോർപ്പറേഷന്റെ നിലവിലുള്ള സ്കീമിൽ ഉൾപ്പെടുത്തി വ്യക്തികൾക്ക് 8 കോടി രൂപ വരെ വായ്പ അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.53 23-6-2009-ന് മറുപടിക്ക്

**കേരള സുസ്ഥിര നഗരവികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ) കേരള സുസ്ഥിര നഗരവികസന പദ്ധതി പ്രകാരം ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് അഞ്ചു കോർപ്പറേഷനുകളിൽ നടപ്പാക്കുന്നത് എന്ന് വിശദമാക്കുമോ; | എ) കേരള സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം അഞ്ചു കോർപ്പറേഷനുകളിൽ 221 ദശലക്ഷം ഡോളറിന്റെ വായ്പയുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. |
| ബി) ഈ പദ്ധതികളിൽ ഏതൊക്കെയാണ് ഇതിനകം പണി ആരംഭിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരസഭകളിൽ , റോഡ് ഗതാഗത വികസനത്തിനായുള്ള പദ്ധതികളും, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് നഗരസഭകളിൽ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിലെ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും കൊല്ലം നഗരസഭയിലെ സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾക്കും തുടക്കം |

| | | | |
|---|---|---|---|
| | | | കുറിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയുടെ ജലവിതരണ പദ്ധതികൾക്കും തുടക്ക മായി. |
| സി) | കുടിവെള്ളം, മാലിന്യ സംസ്കരണം എന്നിവയ്ക്കായി ആരംഭിച്ച പദ്ധതി കളുടെ വിശദാംശം നൽകുമോ; | സി) | തൃശ്ശൂർ നഗരസഭാ അതിർത്തിയിൽ അധിക മായി 36 ദശലക്ഷം ലിറ്റർ വെള്ളം ലഭിക്കു ന്നതിന് 42.18 കോടി രൂപയുടെ ജലവിത രണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഖരമാ ലിന്യ സംസ്കരണത്തിനായി, ചവർ സംസ്ക രണ പ്ലാന്റ്, ലാന്റ് ഫിൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ചവർ നീക്കം ചെയ്യുന്ന തിന് വാഹനങ്ങൾ എന്നിവ ഉൾപ്പെടെ കൊല്ലം നഗരസഭക്ക് 10.82 കോടി രൂപയു ടേയും തൃശൂർ നഗരസഭയ്ക്ക് 4.92 കോടി രൂപയുടേയും കോഴിക്കോട് നഗരസഭയ്ക്ക് 3.91 കോടി രൂപയുടേയും പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |
| ഡി) | പദ്ധതികൾ എന്ന് പൂർത്തിയാക്കാ നാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | ഡി) | എല്ലാ പദ്ധതികളും 2012 ജൂൺ മാസ ത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കു ന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.54. 23.06.2009-ൽ മറുപടിക്ക്.

**<u>ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലുണ്ടായ വീഴ്ച</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ചാഴികാടൻ | ശ്രീ.പാലൊളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ചയുണ്ടായതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ വീഴ്ചകളാണ് സംഭവിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന്റെയും പദ്ധതി ചെലവുകൾ സാമ്പത്തിക വർഷാവസാനം കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി ലക്ഷ്യമിട്ടിരുന്ന ഗുണമേന്മ നേടാൻ കഴിയാതെ പോയതുമായ വീഴ്ചകളാണ് മുഖ്യമായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ബി) ഇതിന്റെ ഫലമായി എത്ര തുകയാണ് ദുരുപയോഗം ചെയ്യപ്പെട്ടതെന്ന് വിശദമാക്കുമോ; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ആഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ ഏജൻസികൾ ആഡിറ്റ് നടത്തുന്ന അവസരങ്ങളിൽ ദുരുപയോഗം , പാഴ്ചെലവ് ഇവ ചൂണ്ടിക്കാണിക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കപ്പെടാത്ത ഗുരുതരമായ ക്രമക്കേടുകൾ റിപ്പോർട്ട് രൂപത്തിൽ നിയമസഭയുടെ മുമ്പാകെ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് നിയമസഭാ സമിതി പരിശോധി |

| | | | |
|---|---|---|---|
| | | | ക്കുകയും സമിതിയുടെ നിർദ്ദേശാനുസരണം അവയിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആഡിറ്റ്പരാമർശങ്ങളിൽപ്പെട്ട തുകകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |
| (സി) | ഈ വീഴ്ചകൾ ഫലപ്രദമായി കണ്ടെത്തുവാൻ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; | (സി) | ഉണ്ട്. പെർഫോമൻസ് ആഡിറ്റ് വിഭാഗം, ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് എന്നീ സംവിധാനങ്ങൾ വഴി ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന വീഴ്ചകൾ കണ്ടെത്തി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | മേല്പറഞ്ഞ സംവിധാനങ്ങളിലൂടെ കണ്ടെത്തുന്ന പാഴ്ചെലവുകൾ ഉണ്ടായിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്ന മുറയ്ക്ക് അതിന് കാരണക്കാരായവരിൽ നിന്നും അവ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും, പദ്ധതി ചെലവുകൾ സാമ്പത്തിക വർഷാവസാനം കേന്ദ്രീകരിക്കുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകി വരുന്നു. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 55 — 23.06.2009- ൽ മറുപടിക്ക്.

## റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. കെ. കെ. ദിവാകരൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുളള പദ്ധതികൾ എന്തെല്ലാമാണ് ; | : (എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഹൈവേ പരിസരത്തും പ്രധാന ജംഗ്ഷനുകൾക്കു സമീപവുമുളള എല്ലാ സ്കൂളുകളിലും, കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായും വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഹൈവേ പരിസരങ്ങളിൽ ബോധവൽക്കരണ പരിപാടികൾ പതിവായി സംഘടിപ്പിക്കാൻ ഹൈവേ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളുടെ മുന്നിലും വേഗ പരിധി സൂചിപ്പിക്കുന്ന സൂചന ബോർഡുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയുടെയും പ്രധാന റോഡുകളുടേയും സമീപത്തായി സ്ഥിതി ചെയ്യുന്ന സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. റോഡപകടങ്ങൾ പരമാവധി കുറച്ചുകൊണ്ട് ഹൈവേകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഹൈവേകളുമായി അടുത്ത് ഇടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് റോഡ് സുരക്ഷാ |

മറുപുറം

രംഗത്ത് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടു കൂടി ഹൈവേ പട്രോൾ ടീമുകളുടെ നേതൃത്വത്തിൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതും പരിഗണനയിലുണ്ട്.

(ബി) ട്രാഫിക് പോലീസിന്റെ സേവനം സ്കൂളുകൾക്കു മുന്നിലും തിരക്കേറിയ ജംഗ്ഷനുകളിലും ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

: (ബി) ഉണ്ട്. സ്കൂളുകൾക്ക് മുന്നിലും തിരക്കേറിയ ജംഗ്ഷനുകളിലും ട്രാഫിക് പോലീസിന്റെ സേവനം ലഭ്യമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ പോലീസ് അധികാരികൾക്ക് നൽകിയിട്ടുണ്ട്.

(സി) ട്രാഫിക് നിയന്ത്രിക്കുന്നതിന് വിമുക്തഭടന്മാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

: (സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കുമായി ഈ വർഷം എത്ര ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

: (ഡി) ഹൈവേ പരിസരത്തും പ്രധാന ജംഗ്ഷനുകൾക്കു സമീപവുമുള്ള എല്ലാ സ്കൂളുകളിലും കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായും വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഹൈവേ പരിസരങ്ങളിൽ ബോധവൽക്കരണ പരിപാടികൾ പതിവായി സംഘടിപ്പിക്കാൻ ഹൈവേ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ ഒരു ബോധവൽക്കരണ പരിപാടി വീതമെങ്കിലും ഈ വർഷം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:56

23.6.2009-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം

ചോദ്യം

ശ്രീ. പി. വിശ്വൻ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ,
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി
ശ്രീ.എ. പ്രദീപ് കുമാർ
ശ്രീ.എം.കെ. പുരുഷോത്തമൻ

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ്
മന്ത്രി)

എ) മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

എ) 31.11.08 ലെ ജി.ഒ. (പി) നമ്പർ 71/2008/മത്സ്യ പ്രകാരം കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇതനുസരിച്ച് കടാശ്വാസ കമ്മീഷൻ 23.2.2009 ൽ പ്രവർത്തനം ആരംഭിച്ചു.

ബി) കടാശ്വാസത്തിനായി ഇതിനകം എത്ര അപേക്ഷകൾ കമ്മീഷന് ലഭിച്ചിട്ടുണ്ട്;

ബി) കടാശ്വാസത്തിനായി 107564 അപേക്ഷകൾ കമ്മീഷന് ലഭിച്ചിട്ടുണ്ട്.

സി) കേന്ദ്രസർക്കാരിന്റെ കാർഷിക കടാശ്വാസ പദ്ധതിയിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പകളെ ഉൾപ്പെടുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

സി) കേന്ദ്ര ഗവൺമെന്റിന്റെ 2008-2009 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാർഷിക വായ്പ എഴുതി തള്ളൽ/കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കിയത് കേന്ദ്ര ഗവൺമെന്റും, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയും പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരമാണ്. ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പകൾ കൂടി ഉൾപ്പെടുത്തുന്നതിന് നബാർഡ് മുഖേന കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിരുന്നു. 18-6-2008, 8-08-2008, 30-6-2009 എന്നീ തീയതികളിൽ കേന്ദ്ര കൃഷി മന്ത്രി ശ്രീ. ശരത് പവാറിന് കത്തെഴുതുകയും മത്സ്യഫെഡിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ വായ്പ അനുവദിക്കുന്ന സ്ഥാപനങ്ങളായി കണക്കാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അതിന് നിർവ്വാഹമില്ല എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

ഡി) കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഡി) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള രണ്ട് ലക്ഷം അപേക്ഷാ ഫോറങ്ങൾ അച്ചടിച്ച് മത്സ്യഭവൻ വഴി വിതരണം നൽകുകയും ആയതിൻ പ്രകാരം 107564 അപേക്ഷാഫോറങ്ങൾ തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ ജില്ലകളിൽ സിറ്റിംഗുകൾ നടത്തി പരാതികൾ കേൾക്കുകയും അപേക്ഷകൾ ക്രോഡീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

Divya Kumari (signature)
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 57 — 23/6/2009 – ൽ മറുപടിയ്ക്ക്

### റിസർവ് ഇന്ത്യ പോലീസ് ബറ്റാലിയൻ രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. എ. സി. മൊയ്തീൻ :<br>ശ്രീ. എം. എം. മോനായി:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. വി. ശശികുമാർ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഭീകര പ്രവർത്തനം നേരിടുന്നതിന് പ്രത്യേക കമാൻഡോ സംഘത്തെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇവരുടെ നിയമനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) കേരള പോലീസിന്റെ കമാൻഡോ വിംഗ് തിരുവനന്തപുരം എസ്.എ.പി ക്യാമ്പ് കേന്ദ്രീകരിച്ച് ഇപ്പോൾത്തന്നെ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ പുതിയതായി രൂപീകരിക്കുന്ന ഇൻഡ്യാ റിസർവ്വ് ബറ്റാലിയനിൽ 200 പോലീസുകാർ അടങ്ങുന്ന കമാൻഡോ വിംഗും ഉൾപ്പെടുന്നു. ഇൻഡ്യാ റിസർവ്വ് ബറ്റാലിയനിലെ നിയമനം സംബന്ധിച്ച വിശദാംശം 'സി' വിഭാഗത്തിലെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) റിസർവ് ഇന്ത്യ പോലീസ് ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ബി) ആന്റ് (സി) : 1/12/2008 ലെ ജി.ഒ (എം.എസ്) 203/2008/ആഭ്യന്തരം ഉത്തരവു പ്രകാരം കേന്ദ്ര |

| | |
|---|---|
| (സി) ബറ്റാലിയനിലേക്കുള്ള നിയമനരീതി എങ്ങനെയാണ്; | ഗവൺമെൻറിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഒരു ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ രൂപീകരിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം 1007 ( വിവിധ കാറ്റഗറികളിലായി) പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. 27/2/2009 ലെ ജി. ഒ (പി) 24/2009/ആഭ്യന്തരം, 27/2/2009 ലെ ജി.ഒ (എം.എസ്) 23/2009/ആഭ്യന്തരം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് ഇൻഡ്യാ റിസർവ്വ് ബറ്റാലിയനുകളിലേക്ക് നിയമനം നടത്തുന്നത്. ഇതിൽ 475 റെഗുലർ വിംഗിലെ പോലീസുകാരുടെ നിയമനം സംബന്ധിച്ച് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി നമ്പർ 141/09 പ്രകാരം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കമാണ്ടോ വിംഗിലേക്കുള്ള 200 പോലീസുകാരുടെ നിയമനം നടത്തുന്നത് ഒരു പ്രത്യേക സെലക്ഷൻ ബോർഡ് വഴിയാണ്. ഈ ബോർഡിന്റെ രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പോലീസ് കോൺസ്റ്റബിൾമാർ ഒഴികെയുള്ള എല്ലാ തസ്തികകളും ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തുന്നതാണ്. |

| | |
|---|---|
| (ഡി) റിസർവ് ബറ്റാലിയനെ എന്തെല്ലാം ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ഡി) ഈ സംസ്ഥാനത്തിലും ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലും ആവശ്യമായ സമയത്ത് ക്രമസമാധാന പ്രശ്നങ്ങൾ നേരിടാൻ വേണ്ടിയാണ് ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ രൂപീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ , T * 58 23-06-2009 ലെ മറുപടിയ്ക്ക്**

## ജീവനക്കാരുടെ പെൻഷൻ പ്രായം

ചോദ്യം

ശ്രീ. കെ.ബാബു

ശ്രീ.കെ. ശിവദാസൻ നായർ

മറുപടി

ശ്രീ. തോമസ് ഐസക്

ബഹു. ധനകാര്യ മന്ത്രി.

| | |
|---|---|
| (എ). ജീവനക്കാരുടെ പെൻഷനുവേണ്ടി സംസ്ഥാനത്തിന്റെ വരവിന്റെ എത്ര ശതമാനം ഇപ്പോൾ ചെലവാകുന്നുവെന്ന് വ്യക്തമാക്കാമോ: | 2007-08 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ മൊത്ത വരവിന്റെ 13.83 ശതമാനമാണ് ജീവനക്കാരുടെ പെൻഷനുവേണ്ടി ചെലവായിട്ടുള്ളത്. |
| (ബി). അത് സംസ്ഥാനത്തെ ശമ്പള ചെലവിന്റെ എത്ര ശതമാനം വരും: | ഇത് സംസ്ഥാനത്തെ ശമ്പള ചെലവിന്റെ 64 ശതമാനം വരും |
| (സി) രണ്ടാം കേരള പബ്ലിക്ക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം രണ്ടു തവണകളായി 60 വയസ്സാക്കി ഉയർത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ: | കമ്മിറ്റിയുടെ ശുപാർശ (ഖണ്ഡിക 7-29)പ്രകാരം പെൻഷൻ പ്രായം രണ്ടു ഘട്ടങ്ങളായി 60 വയസ്സു വരെ ഉയർത്താൻ ശുപാർശ ചെയ്തിട്ടുണ്ട് |
| (ഡി) ഈ ശുപാർശ അംഗീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്ന് പെൻഷൻ പ്രായം വർദ്ധിപ്പിക്കുമെന്ന് വ്യക്തമാക്കുമോ: | ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| (ഇ ) പെൻഷൻ പ്രായം വർദ്ധിപ്പിക്കാത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ: | അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരുടെ തൊഴിൽ അവസരങ്ങളെ ബാധിക്കുമെന്ന ആശങ്ക നിലനിൽക്കുന്നതു കൊണ്ടാണ് സർക്കാർ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള തീരുമാനം എടുക്കാത്തത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 59 — 23.06.2009- ൽ മറുപടിക്ക്.

## പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. കാർത്തികേയൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് പദ്ധതി പ്രകാരം നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളിലേയും പോലീസ് ക്യാമ്പുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, യാത്രാസൗകര്യം, വാർത്താവിനിമയ സൗകര്യം, പരിശീലന സൗകര്യം മുതലായവ വർദ്ധിപ്പിക്കുക, ഫോറൻസിക് സയൻസ് ലാബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ, എന്നിവ നവീകരിക്കുക, കേസന്വേഷണത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുക, ട്രാഫിക് യൂണിറ്റുകൾ ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പോലീസുദ്യോഗസ്ഥന്മാരുടെ പെരുമാറ്റ രീതി മെച്ചപ്പെടുത്താൻ പരിശീലനം നടത്തുന്നുണ്ട്. |

(മറുപുറം)

(ബി) പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമാണോയെന്ന് അറിയിക്കുമോ ;

(സി) എങ്കിൽ എന്തു സഹായമാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ ;

: (ബി) & (സി)

പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) പോലീസിനെ ജനങ്ങളുടെ സുഹൃത്താക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട് എന്ന് വ്യക്തമാക്കുമോ ?

: (ഡി) പോലീസിനെ ജനങ്ങളുടെ സുഹൃത്തുക്കളാക്കാൻ ജനമൈത്രി സുരക്ഷാ പദ്ധതി എന്ന പരിപാടിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 60

23.06.2009- ൽ മറുപടിക്ക്.

## പോലീസ് സേനയുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പ് മന്ത്രി) |
| (എ) പോലീസ് സേനയുടെ നവീകരണത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | : (എ) പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് പദ്ധതിപ്രകാരം നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളിലേയും പോലീസ് ക്യാമ്പുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, യാത്രാ സൗകര്യം, വാർത്താവിനിമയ സൗകര്യം, പരിശീലന സൗകര്യം മുതലായവ വർദ്ധിപ്പിക്കുക, ഫോറൻസിക് സയൻസ് ലാബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ എന്നിവ നവീകരിക്കുക, കേസന്വേഷണത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുക, ട്രാഫിക് യൂണിറ്റുകൾ ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പോലീസ് സേനയുടെ പരിശീലന പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | : (ബി) പോലീസ് കോൺസ്റ്റബിൾമാരുടെ സിലബസ് പരിഷ്ക്കരിച്ചിട്ടുണ്ട്. എസ്.ഐ. (ജി.ഇ.)-മാരുടെ ട്രെയിനിംഗ് സിലബസ് പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പരിഷ്ക്കരിക്കുന്നതാണ്. |

(മറുപുറം)

(സി) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി പോലീസുകാർക്ക് നൽകുന്ന പരിശീലന പരിപാടിയുടെ വിശദാംശം നൽകുമോ ;

: (സി) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്ന പരിശീലനത്തിന്റെ ഭാഗമായി എസ്.ഐ.മാർക്ക് 45 ദിവസത്തെയും എച്ച്.സി.മാർക്ക് 50 ദിവസത്തെയും ശാസ്ത്രീയ കുറ്റാന്വേഷണ പരിശീലന കോഴ്സുകൾ കേരള പോലീസ് അക്കാഡമിയിൽ നടത്തിവരുന്നു. കൂടാതെ ശാസ്ത്രീയ കുറ്റാന്വേഷണം പരിശീലിപ്പിക്കുന്നതിന് എം.ജി.പി.യുടെ ഭാഗമായി സി.ഐ., എസ്.ഐ., എ.എസ്.ഐ. എന്നിവർക്ക് 15 ദിവസത്തെ ഹ്രസ്വകോഴ്സുകളും നൽകിവരുന്നു.

(ഡി) മറൈൻ പോലീസ് ട്രെയിനിംഗ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ?

: (ഡി) കേരളത്തിൽ ഒരു നാഷണൽ മറൈൻ പോലീസ് ട്രെയിനിംഗ് അക്കാഡമി സ്ഥാപിക്കുന്നതിനായി കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിനായി കണ്ണൂരിലെ രാമന്തളി വില്ലേജിൽ 53 ഏക്കർ സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ നാഷണൽ മറൈൻ പോലീസ് ട്രെയിനിംഗ് അക്കാഡമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഒന്നും തന്നെ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമായിട്ടില്ല

Ambika devi S

സെക്ഷൻ ഓഫീസർ